ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ – 695035
ഫോൺ: 04712302490 ഫാക്സ്: 04712303025/20303080
ഇ-മെയിൽ : dhskerala@gmail.com വെബ്സൈറ്റ്: www.dhs.kerala.gov.in

## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം: ആരോഗ്യവകുപ്പ് – ജീവനക്കാര്യം – പബ്ലിക് ഹെൽത്ത് നേഴ്സ് (LHI) തസ്തികയിലേക്ക് താൽക്കാലികമായി സ്ഥാനകയറ്റവും സ്ഥലംമാറ്റവും നൽകി ഉത്തരവാകുന്നു.

പരാമർശം: 1. സ.ഉ.(സാധാ) നം 1950/2020/ ആ.കു.വ. തീയതി 23.10.2020.
2. ഉത്തരവ് നം. ഇ.എസ്.5– 32284/2017 ആ.വ.ഡ. തീയതി. 06.12.2018
3. ഉത്തരവ് നം. എഫ്.ഡബ്ലിയു.എ 5 –50945/2019/ആ.വ.ഡ. തീയതി : 04/11/2020 , 16/11/2020 & 04/12/2020
4. ഉത്തരവ് നം. ഇ.എസ്.5– 32284/2017 ആ.വ.ഡ. തീയതി. 16.01.2021

**ഉത്തരവ് നം. എഫ്.ഡബ്ലിയു.എ 5 –50945/2019/ആ.വ.ഡ. തീയതി : 28/01/2021**

കോവിഡ് മഹാമാരിയുടെ സവിശേഷ സാഹചര്യം മൂലം ഫീമെയിൽ ഹെൽത്ത് സൂപ്പർവൈസറി ട്രെയിനിംഗ് നടത്താൻ കഴിയാത്തതിനാൽ നിലനിൽക്കുന്ന ചട്ടങ്ങളിൽ ഇളവുവരുത്തിക്കൊണ്ട് ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്–1 തസ്തികയിൽ നിന്നും പബ്ലിക് ഹെൽത്ത് നേഴ്സ് (LHI) തസ്തികയിലേക്ക് താൽക്കാലികമായി സ്ഥാനക്കയറ്റം നടത്തുന്നതിന് മേൽ പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവായിരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ ആദ്യ ഘട്ടത്തിൽ പരാമർശം 3 പ്രകാരം 401 പേർക്ക് താൽക്കാലികമായി സ്ഥാനക്കയറ്റം നൽകിയിരുന്നു. ഇതിനെ തുടർന്ന് ജില്ലാ മെഡിക്കൽ ഓഫീസർമാരിൽ നിന്നും ലഭിച്ചിരിക്കുന്ന വേക്കൻസി റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ 23.10.2020 –ൽ പബ്ലിക് ഹെൽത്ത് നേഴ്സ് (LHI) തസ്തികയിൽ ആകെ ഉണ്ടായിരുന്ന ഒഴിവുകളുടെ എണ്ണം 428 ആണെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പരാമർശം 2 , 4 ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സീനിയറായ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്–1 ജീവനക്കാർക്ക് പബ്ലിക് ഹെൽത്ത് നേഴ്സ് (LHI) തസ്തികയിലേക്ക് 29200 – 62400 എന്ന ശമ്പള സ്കെയിലിൽ താൽക്കാലികമായി സ്ഥാനക്കയറ്റം നൽകി താഴെപ്പറയുന്ന പ്രകാരം ഉത്തരവാകുന്നു.

| Sl. No | Seniority No. | Name | Institution | District | Date of Birth | Allotted District | Remarks |
|---|---|---|---|---|---|---|---|
| 1 | 303A | Indira M K | PHC NELLIYAMPATHY | Palakkad | 17-05-1966 | Palakkad | |
| 2 | 377A | Lilly Mathew | CHC UPPUTHARA | Idukki | 20-04-1967 | Pathanamthitta | |
| 3 | 479A | PREMALATHA P | CHC OMANOOR | Malappuram | 22-05-1967 | Malappuram | |
| 4 | 526A | Ramani V K | PHC KOTTAYI PALAKKAD | Palakkad | 28-05-1967 | Palakkad | |
| 5 | 555A | Pushpa V P | PHC THRIKKADERI | Palakkad | 07-05-1970 | Palakkad | |
| 6 | 682A | UshakumaryT | 24X7 PHC VALLIKUNNAM | Alappuzha | 31-05-1966 | Malappuram | |
| 7 | 701 | Moly Mathew | CHC MULIYAR | Kasargode | 22-07-1968 | Kasaragod | |
| 8 | 702 | Valsalakumari A | CHC BEDADKA | Kasaragod | 11-03-1970 | Kasaragod | |
| 9 | 703 | Mini T K | CHC BADIADKA | Kasaragod | 09-09-1968 | Kasaragod | |
| 10 | 704 | Stella Joseph | 24X7 PHC ENNAPPARA | Kasaragod | 15-07-1971 | Kasaragod | |
| 11 | 705 | Sulochana K | 24X7 PHC KAYYUR | Kasaragod | 13-04-1970 | Kasaragod | |
| 12 | 706 | Sudharma P | 24X7 PHC VALIYAPARAMAB A | Kasaragod | 02-01-1969 | Kasaragod | |
| 13 | 707 | Kunhami V | PHC PALLIKERE | Kasaragod | 02-03-1967 | Kasaragod | |
| 14 | 708A | Sreeja M | THQH NILESHWAR | Kasaragod | 10-03-1970 | Kasaragod | |
| 15 | 709 | Nisha Kumari L | PHC OLAT KODAKKAD | Kasaragod | 01-04-1966 | Kasaragod | |
| 16 | 710 | Sarojini Y | CHC PERIYE (Formerly PHC) | Kasaragod | 23-05-1969 | Kasaragod | |
| 17 | 710 A | Prasannakumari.C | PH C Malayalappuzha, | Pathanamthitta | 10-05-1969 | Palakkad | |

| | | | | | | | |
|---|---|---|---|---|---|---|---|
| 18 | 711 | Leela V | 24X7 PHC KAYYUR | Kasaragod | 12-01-1965 | Kasaragod | |
| 19 | 712 | Shaila Mathew | PHC OLAT KODAKKAD | Kasaragod | 04-05-1970 | Kasaragod | |
| 20 | 712A | Jalaja P T | PHC CHENGALA | Kasaragod | 10-05-1970 | Kasaragod | |
| 21 | 713 | Lalitha P P | 24X7 PHC UDMA | Kasaragod | 20-04-1967 | Kasaragod | |
| 22 | 713 A | Aleyamma Varghese | PHC KARINDALAM | Kasaragod | 22-07-1970 | Kasaragod | |
| 23 | 715 | Ambika V K | PHC ANANDASHRAM | Kasaragod | 19-11-1969 | Kannur | |

മേൽ പരാമർശം ഉത്തരവ് 3 –ൽ ക്രമനമ്പർ 337 ആയി കൊല്ലം ജില്ലയിൽ നിന്നും മലപ്പുറം ജില്ലയിലേക്ക് സ്ഥാനക്കയറ്റം നൽകി സ്ഥലംമാറ്റിയിരുന്ന ശ്രീമതി. രജുല ബീവി പി.എ ജോലിചെയ്തിരുന്ന സ്ഥാപനം തെറ്റായിരേഖപ്പെടുത്തിയിരുന്നു. ആയത് തിരുത്തി താഴെ പറയുന്ന പ്രകാരം പരിഷ്കരിച്ച് ഇതോടൊപ്പം ഉത്തരവാകുന്നു.

| Sl. No | Seniority No. | Name | Institution | District | Date of Birth | Allotted District | Remarks |
|---|---|---|---|---|---|---|---|
| 337 | 656 | Rajulabeevi PA | CHC ANCHAL | Kollam | 05-01-1971 | Malappuram | |

ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്–1 ജീവനക്കാരുടെ വിവരങ്ങൾ സ്പാർക്കിൽ നിന്നുമാത്രം ശേഖരിച്ചിരിക്കുന്നതുകൊണ്ട് സ്ഥാപനമേധാവികൾ ജീവനക്കാരെ വിടുതൽ ചെയ്യുന്നതിനു മുൻപ് ഇവരുടെ സേവനപുസ്തകം, സീനിയോരിറ്റിലിസ്റ്റ് , എന്നിവ പരിശോധിച്ച് അച്ചടക്ക നടപടികൾ നിലവിലില്ല എന്ന് ഉറപ്പുവരുത്തിയതിനുശേഷം മാത്രം വിടുതൽ ചെയ്യേണ്ടതാണ്. കൂടാതെ മേൽ പരാമർശം 1 ഉത്തരവനുസരിച്ച് പിന്നീട് ഫീമെയിൽ ഹെൽത്ത് സൂപ്പർവൈസറി ട്രെയിനിംഗ് നടത്തുമ്പോൾ അയത് യാതൊരു കാരണവശാലും പരിത്യജിക്കില്ല എന്നും യഥാസമയം തന്നെ ട്രയിനിംഗിന് ഹാജരാകുന്നതാണെന്നും ജീവനക്കാരിൽ നിന്നും സത്യവാങ്മൂലം എഴുതിവാങ്ങി സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തി സേവന പുസ്തകത്തിൽ ഒട്ടിച്ച് ആയത് വ്യക്തമായി രേഖപ്പെടുത്തേണ്ടതും പകർപ്പ് ഈ ഓഫീസിലേക്കയച്ചു തരേണ്ടതുമാണ്. ഈ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം നൽകിയിരിക്കുന്ന ജീവക്കാർക്ക് അനുവദിച്ചിരിക്കുന്ന ജില്ലകൾ സീനിയറായ ജീവനക്കരുടെ സ്ഥലംമാറ്റത്തിനായുള്ള അപേക്ഷകൾ പരിഗണിക്കുന്ന സമയത്ത് ആവശ്യമെങ്കിൽ പുന:പരിശോധിക്കുന്നതാണ്.

SPARK–ൽ നിന്നും വിവരശേഖരണം നടത്തുന്ന സമയത്തുണ്ടായിരുന്ന സ്ഥിതിവിവരമനുസരിച്ചാണ് സ്ഥാനക്കയറ്റ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളത്. ആയതിനാൽ ജീവനക്കാർ ജോലിചെയ്യുന്ന സ്ഥാപനങ്ങൾ അതിനുശേഷം മാറിയിട്ടുണ്ടെങ്കിൽ അതതു ജില്ലാ മെഡിക്കൽ ഓഫീസർമാർ ജീവനക്കാരെ വിടുതൽ ചെയ്യുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട സ്ഥാപന മേധാവിക്ക് നൽകേണ്ടതാണ്. എല്ലാ സ്ഥാപനമേധാവികളും പകരക്കാരെ കാത്തുനിൽക്കാതെ സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരെ അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതും ജില്ലാ മെഡിക്കൽ ഓഫീസർമാർ അതതു ജില്ലകളിലേക്ക് അനുവദിച്ചിട്ടുള്ള ജീവനക്കാർക്ക് നിയമന ഉത്തരവ് നൽകേണ്ടതുമാണ്.

ഒപ്പ്
ഡോ. പ്രീത പി.പി
ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (എഫ്.ഡബ്ല്യു)

സ്വീകർത്താക്കൾ – സ്ഥാപന മേധാവികൾ /ജീവനക്കാർ (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ് വ്യക്തിഗത പകർപ്പ് അയച്ചുതരുന്നതല്ല)

പകർപ്പ്

1. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ഔദ്യോഗിക വെബ് സൈറ്റ്.
2. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും.
3. ഫയൽ

//ഉത്തരവിൻ പ്രകാരം//

സൂപ്രണ്ട്